സ്ഥാനാർത്ഥി ലിസ്റ്റ്:
സി.പി.എമ്മിൽ വൻ പൊട്ടിത്തെറി





ആർ. എം പരമേശ്വരൻ

# ഇലക്ഷന് മുൻപേ തോറ്റ് ഇടതുപക്ഷം

**ജി. സുധാകരനും കുഞ്ഞിക്കൃഷ്ണൻ മാസ്റ്റർക്കും ടി.കെ. ഗോവിന്ദനും എ. സുരേഷിനും യു.ഡി.എഫ് പിന്തുണ**

സി.പി.എമ്മിന്റെ ഉരുക്കു കോട്ടയായ കണ്ണൂരിൽ വൻ പൊട്ടിത്തെറി. മൂന്ന് തവണ എം.എൽ.എ ആയ ശേഷം നാലാമതായി ഭാര്യയെ എം.എൽ.എ ആക്കാനുള്ള സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന്റെ തീരുമാനമാണ് വൻ കലാപത്തിലും കൊഴിഞ്ഞുപോക്കിലും കലാശിച്ചത്. ഗോവിന്ദന്റെ ഭാര്യ പി.കെ. ശ്യാമളയെ സ്ഥാനാർത്ഥിയാക്കാൻ തീരുമാനിച്ച ജില്ലാ കമ്മിറ്റി യോഗത്തിൽ രൂക്ഷമായ പ്രതിഷേധം ഉയർന്നിരുന്നു. മണ്ഡലം കമ്മിറ്റിയിലും ഇതായിരുന്നു അവസ്ഥ. പ്രതിഷേധം കണക്കിലെടുത്ത് ശ്യാമള പിന്മാറുമെന്നായിരുന്നു എല്ലാവരും കരുതിയിരുന്നത്. എന്നാൽ ഒന്നും അംഗീകരിച്ചില്ല. സ്ഥാനാർത്ഥി ലിസ്റ്റ് പുറത്തുവന്നപ്പോൾ ശ്യാമളയായിരുന്നു സ്ഥാനാർത്ഥി.

ഉടൻതന്നെ പാർട്ടിയിലെ മുതിർന്ന നേതാവും ജില്ലാ സെക്രട്ടറിയേറ്റ് അംഗവുമായ ടി.കെ. ഗോവിന്ദൻ പാർട്ടിയിൽ നിന്നും രാജിവെച്ചു. സ്വതന്ത്രനായി മത്സരിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. യു.ഡി.എഫിന്റെ പിന്തുണ അദ്ദേഹത്തിന് ലഭിക്കുമെന്നാണ് കരുതുന്നത്.

സി.പി.എമ്മിൽ നിന്നും പുറത്തായ ടി. കുഞ്ഞികൃഷ്ണന് പയ്യന്നൂർ മണ്ഡലത്തിലും ജി. സുധാകരന് അമ്പലപ്പുഴ മണ്ഡലത്തിലും പി. സുരേഷിന് മലമ്പുഴ മണ്ഡലത്തിലും പിന്തുണ നൽകാൻ യു.ഡി.എഫ് നേരത്തെ തന്നെ തീരുമാനമെടുത്തിരുന്നു.

കണ്ണൂരിലെ സി.പി.എമ്മിന് വൻ പ്രതിസന്ധി സൃഷ്ടിച്ചാണ് ഏറ്റവും മുതിർന്ന നേതാക്കളിലൊരാളായ ടി.കെ. ഗോവിന്ദൻ നേതൃത്വത്തിനെതിരെ കടുത്ത ആരോപണങ്ങളുന്നയിച്ച് പുറത്തേക്ക് പോകുന്നത്. മുതിർന്ന നേതാക്കളായ കെ.കെ. ഷൈലജ, പി. ജയരാജൻ തുടങ്ങിയവരോട് പാർട്ടി നീതി കാട്ടുന്നില്ലെന്ന് അദ്ദേഹം ആരോപിച്ചു.

സി.പി.എമ്മിൽ അറിയപ്പെടുന്ന യുവനേതാക്കൾക്കൊന്നും സീറ്റില്ല. പാർട്ടി സെക്രട്ടേറിയേറ്റ് അംഗം എം. സുരാജ്, സ്പീക്കർ എ.എൻ. ഷംസീർ, ഡി.വൈ.എഫ്.ഐ സംസ്ഥാന പ്രസിഡന്റ് വി. വസീഫ്, എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി മുൻ പ്രസിഡന്റ് വി.പി. സാനു, മുൻ സംസ്ഥാന സെക്രട്ടറി പി.എം. ആർഷോ, വനിതാ യുവജന നേതാവ് ചിന്താ ജെറോം, ചാനൽ ചർച്ചകളിലെ പാർട്ടി മുഖങ്ങളായ ജെയ്ക് സി. തോമസ്, കെ.എസ്. അരുൺ കുമാർ, മുൻ മേയർ ആര്യാ രാജേന്ദ്രൻ, എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി എം. ശിവപ്രസാദ് എന്നീ പേരുകളെല്ലാം വെട്ടിനിരത്തി.

**സി.പി.എമ്മിൽ അറിയപ്പെടുന്ന യുവനേതാക്കൾക്കൊന്നും സീറ്റില്ല. പാർട്ടി സെക്രട്ടേറിയേറ്റ് അംഗം എം. സുരാജ്, സ്പീക്കർ എ.എൻ. ഷംസീർ, ഡി.വൈ.എഫ്.ഐ സംസ്ഥാന പ്രസിഡന്റ് വി. വസീഫ്, എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി മുൻ പ്രസിഡന്റ് വി.പി. സാനു, മുൻ സംസ്ഥാന സെക്രട്ടറി പി.എം. ആർഷോ, വനിതാ യുവജന നേതാവ് ചിന്താ ജെറോം, ചാനൽ ചർച്ചകളിലെ പാർട്ടി മുഖങ്ങളായ ജെയ്ക് സി. തോമസ്, കെ.എസ്. അരുൺ കുമാർ, മുൻ മേയർ ആര്യാ രാജേന്ദ്രൻ, എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി എം. ശിവപ്രസാദ് എന്നീ പേരുകളെല്ലാം വെട്ടിനിരത്തി.**



തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ച് നിമിഷങ്ങൾക്കകം സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കാൻ സി.പി.എമ്മിന് കഴിഞ്ഞുവെങ്കിലും യുവനിരയിൽ ആളികത്തുന്ന അമർഷത്തിൽ പാർട്ടി നേതാക്കൾ ആശങ്കാകുലരാണ്. യുവനേതാക്കളെ മുഴുവൻ വെട്ടിനിരത്തിക്കൊണ്ടുള്ള സ്ഥാനാർത്ഥി ലിസ്റ്റാണ് പ്രഖ്യാപിച്ചത്. മുഖ്യമന്ത്രിയുടെയും പാർട്ടി സെക്രട്ടറിയുടെയും താത്പര്യങ്ങൾക്കപ്പുറം മറ്റാരെയും പരിഗണിച്ചില്ല അതാണല്ലോ കേഡർ പാർട്ടികളുടെ നേട്ടം.

പാർട്ടി വേദികളിൽ നിറഞ്ഞു നിന്ന യുവനേതാക്കളെ വെട്ടി നിരത്തിയത് സാമൂഹിക മാധ്യമങ്ങളിൽ ചർച്ചയായിട്ടുണ്ട്. ഇവരിൽ കൂടുതൽ പേരും ഇത്തവണ സീറ്റ് പ്രതീക്ഷിച്ചിരുന്നു. കോർപ്പറേഷന്റെ ഭരണവുമായി ബന്ധപ്പെട്ട ചില ആക്ഷേപങ്ങൾ ആര്യാ രാജേന്ദ്രന് വിനയായി മാറി. ഒരു പ്രതിഷേധ റാലിയിലെ സംസ്കാര ശൂന്യമായ മുദ്രാവാക്യം വിളിയാണ് ചിന്താ ജെറോമിന്റെ സാധ്യത ഇല്ലാതാക്കിയത്.

മുൻ മന്ത്രിമാർക്കും സിറ്റിംഗ് എം.എൽ.എമാർക്കും വീണ്ടും പരിഗണന നൽകുമ്പോൾ നേതാക്കളെ തഴഞ്ഞത് വോട്ടർമാരെ എങ്ങനെ ബാധിക്കും എന്ന ആശങ്ക നേതാക്കൾക്കുണ്ട്. എം.എം. മണി, എം. മുകേഷ് എന്നിവർക്ക് സീറ്റ് നൽകാത്തതിന്റെ പേരിൽ അത്ര കടുത്ത പ്രതിഷേധമൊന്നും ഉയർന്നിട്ടില്ല. എന്നാൽ മൂന്നാം ടേമിലും ഭരണം പിടിക്കാൻ 56 സിറ്റിംഗ് എം.എൽ.എമാർക്ക് സീറ്റ് നൽകിയതിൽ പലർക്കും ആശങ്കയുണ്ട്. കുടുംബ രാഷ്ട്രീയത്തെ നഖശിഖാന്തം എതിർക്കുന്നവർ തന്നെ പി.ബി. അംഗങ്ങളായവിജയരാഘവന്റെ ഭാര്യ പ്രൊഫസർ ബിന്ദുവിനും സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന്റെ ഭാര്യ പി.കെ. ശ്യാമളയ്ക്കും സീറ്റ് നൽകിയതിൽ പലർക്കും അമർഷമുണ്ട്.

ചെറുകക്ഷികളുടെ തർക്കം ഇടതുമുന്നണിക്ക് തലവേദന സൃഷ്ടിക്കുന്നുണ്ട്. കേരള കോൺഗ്രസ് (എം) ആവശ്യപ്പെട്ട 13-ാമത്തെ സീറ്റ് നൽകേണ്ടതില്ലെന്നാണ് സി.പി.എം തീരുമാനിച്ചിട്ടുള്ളത്. എൻ.സി.പിയുടെ സീറ്റായ എലത്തൂരിൽ എ.കെ. ശശീന്ദ്രൻ മത്സരിക്കുന്ന കാര്യത്തിലും തീരുമാനമായിട്ടില്ല. ആർ.ജെ.ഡിക്ക് നാലാമതൊരു സീറ്റ് കൂടി വേണമെന്ന ആവശ്യവും അംഗീകരിച്ചിട്ടില്ല. കോവളം, തിരുവനന്തപുരം സീറ്റുകളെച്ചൊല്ലിയുള്ള തർക്കങ്ങളും തുടരുന്നു.